പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 599

28.03.2018 ൽ
മറുപടിക്ക്

## സിവിൽ സർവീസ് കാര്യക്ഷമമാക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. ഐ.ബി. സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ ജീവനക്കാരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) സിവിൽ സർവ്വീസിന്റെ കാതലായ മാറ്റത്തിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനും ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതു സമൂഹത്തിന് കൂടുതൽ അനുഭവവേദ്യമാക്കുന്നതിനുമായി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള സമഗ്രമായ ശുപാർശകൾ സമർപ്പിക്കുന്നതിന് സംസ്ഥാനത്ത് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തിപ്പെടുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്. |
| ബി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവന മനോഭാവം അങ്കുരിപ്പിക്കുന്നതിനും പര്യാപ്തമായ വിധത്തിൽ പരിശീലന പരിപാടികൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം സർക്കാർ അംഗീകരിച്ച് 13.7.2017 ലെ സ.ഉ.(അച്ചടി)9/2017/ഉ.ഭ.പ.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ജീവിതകാലമുടനീളമുള്ള പഠനാധിഷ്ഠിത പരിശീലനവും വികസന തന്ത്രങ്ങളും ഉറപ്പാക്കി ജീവനക്കാരെ പൂർണ്ണ വികസനം കൈവന്ന, കർത്തവ്യബോധമുള്ള, പൊതുജനക്ഷേമ തൽപ്പരരായ പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമായ തൊഴിൽ സംഘങ്ങളിലെ അംഗങ്ങളായി പരിവർത്തനം ചെയ്യുവാൻ ഈ നയത്തിലൂടെ ലക്ഷ്യമിടുന്നു. ഉദ്യോഗസ്ഥർ തങ്ങളുടെ ജോലിയിലെ ചുമതലകൾ മികവോടെ |

നിർവ്വഹിക്കുന്നതിനുവേണ്ട അറിവും കഴിവുകളും നിലപാടുകളും സ്വായത്തമാക്കുന്നുവെന്ന് ഉറപ്പാക്കാനും ഉദ്യോഗസ്ഥന്റെയും സ്ഥാപനങ്ങളുടെയും പ്രകടനത്തെ മെച്ചപ്പെടുത്താനും സേവന നിലവാരം ഉയർത്താനും പരിശീലനങ്ങളിലൂടെ കഴിയണമെന്ന് പരിശീലന നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച സംസ്ഥാന പരിശീലന നയ പ്രകാരമാണ് നിലവിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

സി) അഴിമതി നിർമ്മാർജ്ജനത്തിനായി പൊതുജന പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിവിധ അവബോധ പദ്ധതികളും ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗവും ഫലപ്രദമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ?

സി) അഴിമതി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോയിൽ കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിലും യൂണിറ്റ് അടിസ്ഥാനത്തിലും പൊതുജന ബോധവൽക്കരണത്തിനായി നാടകങ്ങൾ, സാംസ്കാരിക പരിപാടികൾ വിശദീകരണ യോഗങ്ങൾ തുടങ്ങിയവ നടത്തുന്നു. ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി അഴിമതി നിർമ്മാജ്ജനത്തിനുവേണ്ട നിർദ്ദേശങ്ങളടങ്ങിയ ബുക്ക് ലെറ്റുകളും പാംലെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന വാക്കിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് വിഷ്വൽ മീഡിയ വഴിയും എഫ്.എം. ചാനൽ വഴിയും ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനായി വിവിധ മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ ഭാഗമായി ഓൺലൈൻ അവയർനെസ് പ്രോഗ്രാം ഓൺ സീറോ ടോളറൻസ് ടു കറപ്ഷൻ ത്രൂ സൈബർ ഡോമിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.
ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോയിൽ രണ്ട് മൊബൈൽ ആപ്പുകളായ എറൈസിംഗ് കേരള, വിസിൽ നൗ എന്നിവ ഏർപ്പെടുത്തിയിരുന്നു. പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതികൾ നൽകുന്നതിനായി www.pblicvig.in എന്ന വെബ്സൈറ്റ് സൗകര്യവും ടോൾ ഫ്രീ നമ്പറും വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ മറ്റ് അവബോധ പദ്ധതികളും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ